**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 545 01.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡിലെ അഴിമതിക്കെതിരെ വകുപ്പു തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും, കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി) പ്രകാരവും, 2011 ലെ 97-ാം ഭരണ ഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25.9.2015 ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി |

| | | | |
|---|---|---|---|
| | | | നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഫെഡറേഷന്റെ ഘടന, പ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിനും സഹകരണ സംഘം രജിസ്ട്രാർ അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഈ നടപടികൾ കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | അന്വേഷണ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | കൺസ്യൂമർ ഫെഡിന്റെ 2011 വർഷത്തെ വിറ്റുവരവും ഈ വർഷത്തെ വിറ്റുവരവും തമ്മിൽ ഉള്ള അന്തരം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | കൺസ്യൂമർഫെഡിന്റെ 2010-11 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 1066.75 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 1527.30 കോടി രൂപയുമാണ്. ഇവ തമ്മിലുള്ള അന്തരം 460.55 കോടി രൂപയാണ്. |
| (ഡി) | ഇപ്പോൾ ഏതൊക്കെ പലവ്യഞ്ജനങ്ങളാണ് സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡ് വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉത്സവകാലങ്ങളിൽ മാത്രമാണ് സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡ് വഴി പലവ്യഞ്ജനങ്ങൾ വിൽപ്പന നടത്തി വരുന്നത്. ഇപ്പോൾ പലവ്യഞ്ജനങ്ങൾക്ക് സബ്സിഡി നൽകുന്നില്ലെങ്കിലും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സാധനങ്ങൾ വിതരണം ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ